പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1664

11-02-2013 – ൽ മറുപടിയ്ക്ക്

## കോൾമേഖല വികസനം

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തൃശൂർ-പൊന്നാനി കോൾ മേഖല വികസനവുമായി ബന്ധപ്പെട്ട പാക്കേജിൽ ആകെ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ; അനുവദിച്ച തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്- ൽ ഉൾപ്പെടുത്തി 300 കോടി രൂപയുടേയും ആർ.കെ.വി.വൈ-ൽ ഉൾപ്പെടുത്തി വിവിധ വകുപ്പ്/ ഏജൻസികൾ മുഖേന 114.2 കോടി രൂപയുടേയും പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ചെലവിൽ കുറവ് വരുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യ വികസനം, കാർഷിക യന്ത്രവൽക്കരണം, ജൈവകൃഷി വ്യാപനം, മത്സ്യകൃഷി, മൃഗസംരക്ഷണം എന്നീ പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ വർഷം പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നതിന് നടപടികൾ ആയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | | |
| (സി) | ജനുവരി മുതൽ ജൂൺവരെയുള്ള സമയങ്ങളിലാണ് കോൾ മേഖലകളിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ വർഷംതന്നെ പ്രവൃത്തികൾ നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ആർ.ഐ.ഡി.എഫ്-ലും ആർ.കെ.വി.വൈ-ലും ഉൾപ്പെടുത്തി നടപ്പിലാക്കേണ്ട പ്രോജക്ടുകളുടെ വിശദമായ റിപ്പോർട്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ